# പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ : 341

10.04.2013ൽ
മറുപടിക്ക്

## തൊഴിലുറപ്പു പദ്ധതിയുടെ ഭൗതികലക്ഷ്യം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.വി.ശ്രേയാംസ് കുമാർ<br>ശ്രീ.റോഷി അഗസ്റ്റിൻ<br>ഡോ.എൻ.ജയരാജ്<br>ശ്രീ.പി.സി. ജോർജ് | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) |
| എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടെ 2013-14 ഭൗതികലക്ഷ്യം എന്തെല്ലാമെന്ന് വ്യക്തമാക്കുമോ: | എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 2013-14 സാമ്പത്തിക വർഷം 875.5 ലക്ഷം അവിദഗ്ദ്ധ കായിക തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനും അതിലേക്ക് 395794 പുതിയ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനും കേന്ദ്രസർക്കാരിന്റെ എംപവേർഡ് കമ്മറ്റി 20.02.2013 ന് അംഗീകാരം നൽകിയിട്ടുണ്ട്. |
| ബി) പ്രസ്തുത പദ്ധതിയുടെ കേന്ദ്ര വിഹിതവും സംസ്ഥാന വിഹിതവും എത്രയെന്ന് വ്യക്തമാക്കുമോ; | ബി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഒരു ആവശ്യാധിഷ്ഠിത പരിപാടിയാണ്. ഈ സാഹചര്യത്തിൽ പദ്ധതിയുടെ സാമ്പത്തിക വിഹിതം ക്ലിപ്തതയോടുകൂടി നിർണ്ണയിക്കുവാൻ സാധിക്കുകയില്ല. എന്നിരുന്നാലും കേന്ദ്രസംസ്ഥാന സർക്കാരുകൾക്ക് പദ്ധതിയുടെ വിഹിതം ഏകദേശം കണക്കാക്കുന്നതിന് എല്ലാ ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളോടും അവയുടെ ലേബർ ബഡ്ജറ്റ് തയ്യാറാക്കി സംസ്ഥാനസർക്കാരിന്റെ അംഗീകാരത്തോടുകൂടി കേന്ദ്രസർക്കാരിൽ സമർപ്പിക്കുന്നതിന് നിയമം അനുശാസിക്കുന്നുണ്ട്. പ്രസ്തുത ലേബർ ബഡ്ജറ്റ് പദ്ധതിയിലെ |

തൊഴിൽ ആവശ്യകതക്ക് അനുസരിച്ച് മാറ്റം വരുത്തുന്നതിനും അതുവഴി കേന്ദ്രസംസ്ഥാന വിഹിതം കൂട്ടുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. അവിദഗ്ദ്ധ കായിക തൊഴിലാളികളുടെ കൂലിയുടെയും ഭരണചെലവിന്റെയും 100 ശതമാനവും സാധനസാമഗ്രികളുടെ 75 ശതമാനവും കേന്ദ്രസർക്കാർ വഹിക്കുന്നതും സാധന സാമഗ്രികളുടെ ചെലവിന്റെ 25% സംസ്ഥാന സർക്കാർ വഹിക്കുന്നതുമാണ്. **നിലവിൽ കേന്ദ്രസർക്കാർ അംഗീകരിച്ച ലേബർ ബഡ്ജറ്റ് പ്രകാരം സംസ്ഥാനത്ത് കേന്ദ്രവിഹിതമായി 224583.38 ലക്ഷം രൂപയും സംസ്ഥാന വിഹിതമായി 17485.55 ലക്ഷം രൂപയും ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.**

സി) ഭൗതികലക്ഷ്യം കൈവരിക്കുന്നതിനായി ആവിഷ്ക്കരിച്ചിരിക്കുന്ന കർമ്മപദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

സി) 2013-14 സാമ്പത്തിക വർഷത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഭൗതിക ലക്ഷ്യം കൈവരിക്കുന്നതിനായി ആവിഷ്കരിക്കുന്ന കർമ്മപദ്ധതികൾ ചുവടെ ചേർക്കുന്നു.

എ) പദ്ധതിയുടെ സവിശേഷതകൾ പരമാവധി ജനങ്ങളിൽ എത്തിക്കുന്നതിന് ആവശ്യമായ പ്രചരണപരിപാടികളും പരിശീലനങ്ങളും സംഘടിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കും.

ബി) സംസ്ഥാനത്തെ എല്ലാ പട്ടികജാതി പട്ടികവർഗ്ഗ കോളനികളിലെ ഭൂവികസനം, ജലസേചന സൗകര്യങ്ങൾ വിപുലപ്പെടുത്തൽ, പഴകൃഷി പ്രോത്സാഹിപ്പിക്കൽ എന്നിവ ഏറ്റെടുക്കുന്നതിനുള്ള കർമ്മപരിപാടി രൂപീകരിച്ച് വരുന്നു.

സി) സംസ്ഥാനത്ത് ഗ്രാമപ്രദേശങ്ങളിലുള്ള വിവിധ സർക്കാർ വകുപ്പുകളുടെ

ഭൂമിയിൽ ജലസംരക്ഷണം,മണ്ണ് സംരക്ഷണം, ഭൂവികസനം തുടങ്ങിയ പരിപാടികൾ ഏറ്റെടുക്കൽ

ഡി) ജലനിധി, ഐ.ഡബ്ല്യു.എം.പി, സാമൂഹ്യ നീതി വകുപ്പ് തുടങ്ങിയ സർക്കാർ വകുപ്പുകളിലെ ഗ്രാമപ്രദേശങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ചേർത്ത് നടപ്പാക്കുന്നതിനുള്ള സാധ്യതകൾ പൂർണ്ണമായി പ്രയോജനപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പ് വർഷം ഏറ്റെടുക്കുന്നതാണ്.

ഇ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ സാധനസാമഗ്രികളുടെ ഉപയോഗം പരമാവധി പ്രയോജനപ്പെടുത്തുന്നതിന് പഞ്ചായത്തുകൾക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

എഫ്)പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട തൊഴിലാളികൾക്ക് കൂലി മുൻകൂറായി (പ്രവൃത്തിയെടുത്ത് ഏഴ് ദിവസങ്ങൾക്കുള്ളിൽ) നൽകുന്നതിന് പരീക്ഷണാർത്ഥം ഒരു പഞ്ചായത്ത് തെരഞ്ഞെടുത്ത് പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് സംസ്ഥാന പട്ടിക വർഗ്ഗ വികസന വകുപ്പ് അനുമതി നൽകിയിട്ടുണ്ട്. ഇത് ഫലപ്രദമാകുന്നപക്ഷം മറ്റ് പഞ്ചായത്തുകളിലേക്ക് വ്യാപിപ്പിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ